പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1635 | 04-12-2018-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

**(എ)** ഈ സർക്കാർ അധികാരത്തിൽവന്നശേഷം വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നും അതിനായി എത്ര തുക അനുവദിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

**(എ)** വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | കർഷകരുടെ എണ്ണം | ആനുകൂല്യം അനുവദിച്ച തുക (കോടി) |
|---|---|---|---|
| 1 | 2016 മേയ്-2017 മാർച്ച് | 2478 | 1.598 |
| 2 | 2017-2018 | 11202 | 8.76 |
| 3 | 2018 മാർച്ച്-നവംബർ 2018 വരെ | 11718 | 18.04 |

**(ബി)** കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിനാശം വ്യാപകമാകുന്ന സാഹചര്യത്തിൽ കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**(ബി)** കാലാവസ്ഥാ വ്യതിയാനം മൂലം കൃഷിനാശം വ്യാപകമാകുന്ന സാഹചര്യത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ മുഴുവൻ കർഷകരേയും അംഗങ്ങളാക്കുന്നതിന് എല്ലാ ജില്ലാതല പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രി ഫസൽ ഭീമായോജന, പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എന്നീ പദ്ധതികൾ പ്രകാരം വായ്പ എടുത്ത മുഴുവൻ കർഷകരെയും, വായ്പ എടുക്കാത്ത കർഷകരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Rg സെക്ഷൻ ഓഫീസർ